**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 768** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ഹോസ്റ്റൽ സൗകര്യങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് ജില്ലയിലെ സർക്കാർ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ വർധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

<u>**മറുപടി:** കോഴിക്കോട് ജില്ലയിലെ സർക്കാർ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ വർധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ</u>

<u>പട്ടികജാതി വികസന വകുപ്പ്</u>

കോഴിക്കോട് ജില്ലയിൽ ആൺകുട്ടികൾക്കായി പ്രവർത്തിച്ചു വരുന്ന പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ 43,50,000/- രൂപയുടെ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 80% ജോലി പൂർത്തീകരിച്ചിട്ടുണ്ട്. പെൺകുട്ടികൾക്കായി പ്രവർത്തിച്ചു വരുന്ന പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു കൈമാറിയിട്ടുള്ളതാണ്.

2026-27 സാമ്പത്തിക വർഷത്തിൽ കക്കോടി പ്രീമെട്രിക് ഹോസ്റ്റലിനു ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഹോസ്റ്റൽ ഹാൾ വൈദ്യുതീകരണത്തിനു 3,50,000/- രൂപയും സോളാർ വൈദ്യുതീകരണത്തിനു 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

അവിടനെല്ലൂർ പ്രീമെട്രിക് ഹോസ്റ്റലിനു ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് CCTV സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുന്നതിന് 10,91,300/- രൂപ വകയിരുത്തിയിട്ടുണ്ട് .

2026-27 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് മാവൂർ പ്രീമെട്രിക് ഹോസ്റ്റൽ നവീകരണത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും 5,00,000/- രൂപ വീതം വകയിരുത്തിയിട്ടുണ്ട്. അഴിയൂർ പ്രീമെട്രിക് ഹോസ്റ്റൽ ബലക്ഷയം കാരണം പൊളിച്ചു മാറ്റിയിരുന്നു. ടി ഹോസ്റ്റൽ നിർമ്മാണത്തിനായി എം പി ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ചതിൻ പ്രകാരം നിലവിൽ നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

കോഴിക്കോട് ജില്ലയിൽ 4 പ്രീമെട്രിക് ഹോസ്റ്റലുകളും 1 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുമാണ് നിലവിലുള്ളത്.

വടകര പ്രീ-മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്.

ഈസ്റ്റ് ഹിൽ, കുന്ദമംഗലം, പുതുപ്പാടി, പൂളക്കടവ് എന്നീ ഹോസ്റ്റലുകളുടെ നവീകരണ പ്രവൃത്തികൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലേയ്ക്ക് ആവശ്യമായ ഫർണ്ണിച്ചറുകൾ, കിടക്ക, തലയിണകൾ തുടങ്ങിയവ വാങ്ങുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ചും പ്രൊപ്പോസലുകളുടെ പ്രാധാന്യം കണക്കിലെടുത്തും നിർവഹിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.

**(ബി)** പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്കോളർഷിപ്പ്, സ്റ്റൈപെൻഡ് എന്നിവ വിതരണം ചെയ്യുന്നതിൽ കുടിശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന അപ്രൂവൽ ലഭിക്കുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് എന്നിവ നിലവിൽ കുടിശ്ശികയില്ലാതെ യഥാസമയം വിതരണം ചെയ്തു വരുന്നുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ-ഗ്രാന്റ്സ് സമ്പ്രദായത്തിലൂടെ ഫീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ നേരിട്ട പ്രതിബന്ധങ്ങൾ കാരണമാണ് പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ മുൻവർഷങ്ങളിൽ കാലതാമസം ഉണ്ടായത്. നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ടുകൾ ലഭ്യമായതിനാൽ 2025-26 വർഷത്തെ കുടിശ്ശിക ഉൾപ്പടെയുള്ളവ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**(സി)** വിദേശ പഠനത്തിനുള്ള 10 ലക്ഷം രൂപ വരെയുള്ള വായ്പാപദ്ധതി എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** വിദേശ പഠനത്തിനായി വായ്പ പദ്ധതി നടപ്പിലാക്കുന്നില്ല.

**സെക്ഷൻ ഓഫീസർ**